©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ഫെബ്രുവരി 11<br>11th February 2020<br>1195 മകരം 28<br>28th Makaram 1195<br>1941 മാഘം 22<br>22nd Magha 1941 | നമ്പർ<br>No. | 6 |

## PART III

## Notifications by Heads of Departments

# Commissionerate of Land Revenue

## KOLLAM DISTRICT

### വിജ്ഞാപനം

**2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം**

No. DCKLM/12371/2019-M9 (CC). 2020 ജനുവരി 16.

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ ക്ലാപ്പന വില്ലേജിൽ വരവിള പെരുമാന്തഴ മുറിയിൽ തറയിൽ തെക്കതിൽ വീട്ടിൽ തങ്ങൾകുഞ്ഞ് മകൻ 29 വയസുള്ള ഇജാസ് എന്ന നിങ്ങൾ നിരന്തരമായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നതായും നിങ്ങളുടെ ഈ പ്രവൃത്തികൾ ഓച്ചിറ പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്ന സമാധാന കാംക്ഷികളായ ജനങ്ങളുടെ ജീവനും, സ്വത്തിനും ഭീഷണി സൃഷ്ടിക്കുന്നതായും നിങ്ങളുടെ സാന്നിധ്യം ജനങ്ങളിൽ അരക്ഷിതാവസ്ഥയും ഭീതിയും ജനിപ്പിക്കുന്നതായും ജില്ലാ പോലീസ് മേധാവി (കൊല്ലം, സിറ്റി) ടിയാന്റെ 14-11-2019-ലെ 29/ജിഎൽ/കാപ്പ/2019-ക്യൂ. സി നമ്പർ റിപ്പോർട്ട് പ്രകാരം ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നിങ്ങളെ 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ വകുപ്പ് 3(1) പ്രകാരം തിരുവനന്തപുരം സെൻട്രൽ ജയിലിൽ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് ഈ കാര്യാലയത്തിലെ 17-12-2019-ലെ DCKLM/12371/2019-M9 (CC) നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അന്നേ ദിവസം മുതൽ നിങ്ങൾ ഒളിവിൽ പോയിരിക്കുന്നതിനാൽ നിങ്ങളെ അറസ്റ്റ് ചെയ്യുന്നതിനും, മേൽപ്പറഞ്ഞ ഉത്തരവ് നടപ്പിലാക്കുന്നതിനും സാധിച്ചിട്ടില്ലായെന്നും ആയതിനാൽ നിങ്ങൾക്കെതിരെ പ്രസ്തുത നിയമത്തിലെ 6-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നും കൊല്ലം ജില്ലാ പോലീസ് മേധാവി (സിറ്റി) ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഈ ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം നിങ്ങൾ ഓച്ചിറ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ ഹാജരാകണമെന്ന് ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ചവരുത്തുന്നപക്ഷം നിങ്ങളെ രണ്ട് വർഷക്കാലം തടവിനോ അല്ലെങ്കിൽ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണെന്നും മേൽ വകുപ്പിലെ (എ) ഖണ്ഡപ്രകാരമുള്ള നടപടികൾക്ക് നിങ്ങൾ വിധേയനാകുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

(ഒപ്പ്)

കളക്ടറേറ്റ്, ജില്ലാ കളക്ടർ &
കൊല്ലം. ജില്ലാ മജിസ്ട്രേറ്റ്.

## Kollam Taluk

### പരസ്യം

(1)

നമ്പർ ബി2-287/2019. 2020 ജനുവരി 16.

കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ തിരുമുല്ലവാരം പുന്നത്തല സൗത്ത് PNRA 158 ഡി. സി. ബി. ഐശ്വര്യ ഭവനിൽ ജെവിസ് മൈക്കിൾ 15-10-2019-ൽ മരണപ്പെട്ടു പോയതായും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ ടി വീട്ടിൽ ഫാത്തിമ ജെബിസ് ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ കൊല്ലം വെസ്റ്റ് വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഫാത്തിമ ജെബിസ് | ഭാര്യ | 63 |
| 2 | ഡയാന ജെബിസ് | മകൾ | 37 |
| 3 | കാതറിൻ ജെബിസ് | ,, | 35 |
| 4 | എലിസബത്ത് ജെബിസ് | ,, | 34 |

പരേതന്റെ അവകാശികൾ മേൽക്കാണിച്ചവരാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കൃത്യം 30 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കാലാവധിക്കുശേഷമോ തപാലിലോ ഹാജരാക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതാണ്.

(2)

നമ്പർ ബി2-33995/2019. 2019 ഡിസംബർ 24.

കൊല്ലം താലൂക്കിൽ കൊല്ലം ഈസ്റ്റ് വില്ലേജിൽ കാന്റോൺമെന്റ് നോർത്ത്, ശാന്തി നഗർ 14-ൽ ആമിനാസ് വീട്ടിൽ ദീപക്ഷ, എസ്. 6-11-2019-ൽ മരണപ്പെട്ടുപോയതായും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ ടി വീട്ടിൽ സൈറാ ബാനു ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ കൊല്ലം ഈസ്റ്റ് വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സൈറാ ബാനു | ഭാര്യ | 52 |
| 2 | അമീന സുൽത്താന | മകൾ | 24 |
| 3 | ഐഷാബീവി | മാതാവ് | 77 |
| 4 | ദിലീപ്ഷാ | സഹോദരൻ | 56 |
| 5 | ആശ ദുലാരി | സഹോദരി | 58 |

(പരേതന്റെ പിതാവ് ജീവിച്ചിരിപ്പില്ല)